# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T *160 07/03/2018-ൽ മറുപടി

## പമ്പ – അച്ചൻകോവിൽ വൈപ്പാർ നദീസംയോജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നദീസംയോജനത്തിനായി കേന്ദ്രം ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | എ) | ഇല്ല |
| ബി) ഈ പദ്ധതി നടപ്പിലാക്കിയാൽ കുട്ടനാട്ടിൽ ശുദ്ധജലം അന്യമാകുമോ എന്ന് അറിയിക്കുമോ ; | ബി) | പമ്പ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാവുകയാണെങ്കിൽ കുട്ടനാടിൽ കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യതയുണ്ടെന്ന് Centre for Water Resources Development and Management , കോഴിക്കോട് നടത്തിയ പഠനത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ദോഷകരമാകയാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ;<br><br>ഡി) കേന്ദ്ര ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനം പ്രസ്തുത യോഗങ്ങളിലെടുത്ത നിലപാടെന്തായിരുന്നു ; കേന്ദ്രത്തിൽ നിന്നുള്ള പ്രതികരണം വ്യക്തമാക്കുമോ? | സി) & ഡി) | പമ്പ-അച്ചൻകോവിൽ-വൈപ്പാർ-നദീ സംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് , ഈ പദ്ധതിയുടെ സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പമ്പയും, അച്ചൻകോവിലാറും സംസ്ഥാന നദികളാണെന്നും കേരളം ദേശീയ ജലവികസന ഏജൻസിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് |

11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ , 06/08/2003-ന് കേരളം നിയമസഭ പ്രമേയം പാസാക്കുകയുണ്ടായി,

ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതി സംബന്ധിച്ച് തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് ദേശീയ ജലവികസന ഏജൻസി കേരളത്തിന് ഉറപ്പ് നല്കുകയുണ്ടായി.

ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടു കൂടി മാത്രമേ നദീ സംയോജന പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് കേന്ദ്ര മന്ത്രി (Water Resources, RD & GR) ഉറപ്പ് നൽകിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമവും തടയുവാൻ വേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചു വരുന്നുണ്ട്.

SD

സെക്ഷൻ ഓഫീസർ